# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1046 | 30.09.2016-ൽ മറുപടിയ്ക്ക് |
|---|---|
| **ഉറവിട മാലിന്യ സംസ്കരണ പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.വി.കെ.സി.മമ്മത് കോയ** | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് എല്ലാ വീട്ടുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുമോ;വ്യക്തമാക്കാമോ; | (എ) | നടപ്പിലാക്കും. ജൈവമാലിന്യങ്ങൾ വേർതിരിച്ച് കമ്പോസ്റ്റിംഗ്/ ബയോഗ്യാസ് പ്ലാന്റ് മുഖേന അവിടെതന്നെ സംസ്കരിക്കുന്നതിനും ഇതിൽ നിന്നും ലഭിക്കുന്ന കമ്പോസ്റ്റ്/ സ്ലറി ജൈവ പച്ചക്കറി കൃഷിക്കായി ഉപയോഗിക്കുന്നതിനുമുള്ള രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | കെട്ടിടങ്ങൾ പണിയുന്നതിന് അനുമതി നൽകുമ്പോൾ പ്രസ്തുത സംസ്കരണത്തിനുള്ള ക്രമീകരണം കൂടി പ്ലാനിൽ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം നൽകുന്നകാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (ബി) | 1999-ലെ മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ചട്ടം 26-A യിൽ ഇതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 30 പ്രകാരം സുരക്ഷിതമായ മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടിയുള്ള വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർക്കുന്നുണ്ട്. |
| (സി) | നിലവിലുള്ള എല്ലാ കെട്ടിടങ്ങൾക്കും സമയബന്ധിതമായി ഉറവിട മാലിന്യ സംസ്കരണ പദ്ധതി ബാധകമാക്കുമോ; വിശദമാക്കാമോ? | (സി) | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334 (എ), കേരള പഞ്ചായത്ത് രാജ് ആക്ട് 219 (വി) എന്നിവ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിലും ഇതിനുള്ള വ്യവസ്ഥകൾ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ